<u>വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം</u>
<u>(അവതരണം : S. HARIKISHORE I A S)</u>

നം.DIC/209/2022-EC4 തീയതി : 31-08-2024

വിഷയം:- വ്യവസായം - ജീവനക്കാര്യം - വ്യവസായ വികസന ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനകയറ്റവും - പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. 13.08.2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. 19.08.2024 തീയതിയിലെ DICPKD/10589/2019-E1 നമ്പർ കത്ത്
3. 16.08.2024 തീയതിയിലെ ശ്രീമതി.സജിത മേനോൻ.വി, വ്യവസായ വികസന ഓഫീസർ സമർപ്പിച്ച അപേക്ഷ.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം വ്യവസായ വികസന ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനകയറ്റവും നൽകി ഉത്തരവായിരുന്നു. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ മലമ്പുഴ ബ്ലോക്കിലെ ഒഴിഞ്ഞു കിടക്കുന്ന വ്യവസായ വികസന ഓഫീസർ തസ്തികയുടെ ജോലി ഭാരം കണക്കിലെടുത്ത് മലമ്പുഴ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ തസ്തികയിൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ ഓഫീസിലേക്ക് പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അപേക്ഷിച്ചിരുന്നു. ടി സാഹചര്യത്തിൽ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഉള്ള മലമ്പുഴ ബ്ലോക്കിലെ ഒഴിവുള്ള വ്യവസായ വികസന ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തേണ്ടതുണ്ട്.

പരാമർശം (1) ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി.സജിത മേനോൻ.വി-യ്ക്ക് വ്യവസായ വികസന ഓഫീസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകി കൊടുങ്ങല്ലൂർ താലൂക്കിലെ മതിലകം ബ്ലോക്കിൽ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. മേൽ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ടിയാരി സൂചന (2) പ്രകാരം ഈ ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച്, ടിയാരിയുടെ അനുകമ്പാർഹമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക പരിഗണന അർഹിക്കുന്നതാണെന്ന് ബോധ്യപെട്ടത്തിന്റെ അടിസ്ഥാനത്തിൽ ടിയാരിക്കു അനുയോജ്യമായ നിയമനം നൽകി ഉത്തരവാകേണ്ടതുണ്ട്.

മേൽ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ ശ്രീമതി.ജയശ്രീ.ഓ.കെ-യ്ക്ക് വ്യവസായ വികസന ഓഫീസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകി മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ തിരൂരങ്ങാടി താലൂക്കിലെ വേങ്ങര ബ്ലോക്കിൽ നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ ടിയാരിയുടെ നിലവിലെ ഓഫീസായി കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിനു പകരം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം എന്ന് രേഖപ്പെടുത്തിയിരുന്നു. ആയത് തിരുത്തി ഉത്തരവാകേണ്ടതുണ്ട്.

ആകയാൽ പരാമർശം (1) സ്ഥലംമാറ്റ /സ്ഥാനകയറ്റ ഉത്തരവിൽ താഴെ പറയും പ്രകാരം മാത്രമുള്ള പുനഃക്രമീകരണങ്ങൾ വരുത്തി ഉത്തരവാകുന്നു;

1. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഉള്ള കൊടുങ്ങലൂർ താലൂക്ക് വ്യവസായ ഓഫീസിലെ മതിലകം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ശ്രീ.വിനോദ് കുമാർ.ബി-യ്ക്ക് പരാമർശം (1) പ്രകാരം സ്ഥലംമാറ്റം നൽകിയപ്പോൾ ഉണ്ടായ ഒഴിവിലേക്ക് കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഉള്ള കാസർഗോഡ് താലൂക്ക് വ്യവസായ ഓഫീസിലെ കാസർഗോഡ് ബ്ലോക്ക്

വ്യവസായ വികസന ഓഫീസർ ശ്രീ.വിജിൻ.കെ.വി-യ്ക്ക് ഭരണസൗകര്യാർത്ഥം സ്ഥലംമാറ്റം നൽകി നിയമിക്കുന്നു.

2 . പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഉള്ള പാലക്കാട് താലൂക്ക് വ്യവസായ ഓഫീസിലെ മലമ്പുഴ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ശ്രീ.അരുൺ ദാനത്തിനു , പരാമർശം (1) പ്രകാരം സ്ഥലംമാറ്റം നൽകിയപ്പോൾ ഉണ്ടായ ഒഴിവിലേക്ക് കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഉള്ള തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ ഇരിട്ടി ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ശ്രീ.പ്രദീപൻ.കെ.കെ.-യ്ക്ക് ടിയാന്റെ അപേക്ഷ പ്രകാരം സ്ഥലംമാറ്റം നൽകി നിയമിക്കുന്നു.

3 . തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ ഉള്ള തലപ്പിള്ളി താലൂക്ക് വ്യവസായ ഓഫീസിലെ വടക്കാഞ്ചേരി ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ശ്രീ.പ്രബിൻ.വി.പി -യ്ക്ക് പരാമർശം (1) പ്രകാരം സ്ഥലംമാറ്റം നൽകിയപ്പോൾ ഉണ്ടായ ഒഴിവിലേക്ക് ഇതേ ഉത്തരവ് പ്രകാരം സ്ഥാനകയറ്റം നൽകപ്പെട്ട സീനിയർ സഹകരണ ഇൻസ്പെക്ടർ ശ്രീമതി.സജിത മേനോൻ.വി-യ്ക്ക് ടിയാരിയുടെ അപേക്ഷ പ്രകാരം നിയമനം നൽകുന്നു .

4. പരാമർശം (1) പ്രകാരം സ്ഥാനകയറ്റം ( ക്രമ നം.9) നൽകപ്പെട്ട മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ ശ്രീമതി.ജയശ്രീ.ഓ.കെ-എന്ന പരാമർശം തിരുത്തി , കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ എന്ന് ഉത്തരവാകുന്നു.

മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്. സ്ഥലംമാറ്റം/സ്ഥാനകയറ്റം ലഭിച്ച ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം നിയന്ത്രണാധികാരി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ ഉത്തരവ് എന്ന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരിക്കും സ്ഥലംമാറ്റം/സ്ഥാനകയറ്റം ലഭിച്ച ജീവനക്കാർക്കും പ്രത്യേകം നൽകുന്നതല്ല, ആയത വെബ് സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്.

ഒപ്പ്/-

**S. HARIKISHORE I A S**
**DIRECTOR**

സ്വീകർത്താവ്:- മേൽ പരാമർശിച്ച എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരി മുഖേന).

പകർപ്പ് :

1. മേൽ പരാമർശിച്ച എല്ലാ സബ് ഓഫീസുകൾ.
2. സി.എ റ്റു ഡയറക്ടർ/അഡീഷണൽ ഡയറക്ടർ (റ്റി)/അഡീഷണൽ ഡയറക്ടർ (ജി)/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
3. ഇഇ/ഇഎ/SPARK/ഐ.ടി സെക്ഷൻ.

ഉത്തരവിൻ പ്രകാരം

Signed by
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
K.r. Hiranmayi
Date: 31-08-2024 14:19:48